**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2277** **30-09-2025-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യം സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ഉള്ളത്; ഇതിന്റെ വിശദാംശം നൽകാമോ;

**മറുപടി:** വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള പല ഹോസ്പിറ്റലുകളിലും മതിയായ ജീവനക്കാരും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരും ഇല്ലാത്തതുമൂലം ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

**മറുപടി:** അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന സ്ഥാനക്കയറ്റ തസ്തികകൾ റഗുലർ/താത്കാലിക സ്ഥാനക്കയറ്റങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പി.എസ്.സി. Non Available Candidate (NAC) നൽകിയിട്ടുള്ള വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമേ ബോണ്ടഡ് സീനിയർ റസിഡന്റുമാരെ നിയമിച്ചിട്ടുണ്ട്. അതിനാൽ എല്ലാ വിഭാഗങ്ങളിലും നിലവിൽ ജോലി ചെയ്യുന്ന ഡോക്ടർമാരെ കൊണ്ട് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനാൽ ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** പ്രസ്തുത ഹോസ്പിറ്റലുകളിൽ ഓരോന്നിലും ഏതെല്ലാം തസ്തികയിലാണ് ഡോക്ടർമാർ ഇല്ലാത്തതെന്ന് വിശദമാക്കാമോ?

**മറുപടി:** സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ എൻട്രി കേഡർ നിയമനങ്ങൾ പി.എസ്.സി. വഴി നികത്തുന്നതുവരെയുള്ള കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിന് അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം-1</u>**

| വിഭാഗം | സ്ഥാപനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| കാർഡിയോളജി | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |
| ന്യൂറോളജി | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |
| റീപ്രൊഡക്ടീവ് മെഡിസിൻ | തിരുവനന്തപുരം | | | | | | | | | | | |
| പീഡിയാട്രിക് നെഫ്രോളജി | തിരുവനന്തപുരം | | | | | | | | | | | |
| പീഡിയാട്രിക് ന്യൂറോളജി | തിരുവനന്തപുരം | | | | | | | | | | | |
| പീഡിയാട്രിക് കാർഡിയോളജി | തിരുവനന്തപുരം | | | കോട്ടയം | | | | | | | | |
| നിയോനാറ്റോളജി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | | കോഴിക്കോട് | കണ്ണൂർ | |
| മെഡിക്കൽ ഗ്യാസ്ട്രോ | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | | തൃശ്ശൂർ | | കോഴിക്കോട് | കണ്ണൂർ | |
| മെഡിക്കോ ജനറ്റിക്സ് | തിരുവനന്തപുരം | | | | | | | | | | | |
| പീഡിയാട്രിക് ഗ്യാസ്ട്രോ | തിരുവനന്തപുരം | | | | | | | | | | | |
| പിഡിയാട്രിക് ഗ്യാസ്ട്രോ സർജറി | തിരുവനന്തപുരം | | | | | | | | | | | |
| കാർഡിയാക് അനസ്തേഷ്യ | തിരുവനന്തപുരം | | | | | | | | | | | |
| മെഡിക്കൽ ഓങ്കോളജി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | | തൃശ്ശൂർ | | കോഴിക്കോട് | | |
| സർജിക്കൽ ഓങ്കോളജി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | | തൃശ്ശൂർ | | കോഴിക്കോട് | | |
| എമർജൻസി മെഡിസിൻ | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | കോന്നി | ഇടുക്കി | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | വയനാട് |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ന്യൂറോ സർജറി | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | | കോഴിക്കോട് | കണ്ണൂർ | |
| പീഡിയാട്രിക് സർജറി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | | കോഴിക്കോട് | കണ്ണൂർ | |
| കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |
| പ്ലാസ്റ്റിക് സർജറി | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | | | | തൃശ്ശൂർ | | കോഴിക്കോട് | കണ്ണൂർ | |
| സർജിക്കൽ ഗ്യാസ്ട്രോ | തിരുവനന്തപുരം | | | കോട്ടയം | | | | | | കോഴിക്കോട് | കണ്ണൂർ | |
| നെഫ്രോളജി | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |
| ഇൻഫെക്ഷ്യസ് ഡിസീസ് | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |
| യൂറോളജി | തിരുവനന്തപുരം | | ആലപ്പുഴ | കോട്ടയം | | | എറണാകുളം | തൃശ്ശൂർ | മഞ്ചേരി | കോഴിക്കോട് | കണ്ണൂർ | |